(സി) ജീവനക്കാർക്കും അദ്ധ്യാപകർക്കും തന്നാണ്ടിൽ അർഹമായ ഡി.എ. നൽകുന്നതിന് ബഡ്ജറ്റിൽ 11609.71 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകർ ഉൾപ്പെടെ പുതുതായി സൃഷ്ടിച്ച തസ്തികയിലുള്ളവർക്ക് തന്നാണ്ടിൽ ശമ്പളം നൽകുന്നതിന് ആവശ്യമായ തുകയെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

123 (T* 3277) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പളകമ്മീഷനെ നിയമിച്ചത് എന്നാണെന്നും, ഇതിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനം ആരംഭിച്ചത് എന്നാണെന്നും വ്യക്തമാക്കുമോ;

(ബി) മഹാരാഷ്ട്ര, തമിഴ്നാട് സംസ്ഥാനങ്ങളിൽ ജീവനക്കാർക്കായി നടപ്പിലാക്കിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്തും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത സംസ്ഥാനങ്ങളിൽ വ്യത്യസ്ത രീതിയിലാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രീമിയം തുക സർക്കാർ നൽകുമോ; അതോ ജീവനക്കാരുടെ അംഗങ്ങളിൽ നിന്നും ഈടാക്കുമോ ; വിശദമാക്കുമോ;

(ഡി) ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ആയതിലേയ്ക്കായി കമ്മീഷന്റെ കാലാവധി ദീർഘിപ്പിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ 30-11-2013 തീയതിയിലെ സ.ഉ.(കൈ) നമ്പർ 583/2013/ധന ഉത്തരവ് പ്രകാരം നിലവിൽ വന്നു. 2014 ആഗസ്റ്റ് മാസം വരെ കമ്മീഷൻ സെക്രട്ടറിയേറ്റിലെ താൽക്കാലിക ഓഫീസിലാണ് പ്രവർത്തിച്ചിരുന്നത്. 2014 സെപ്റ്റംബർ മാസം മുതൽ നന്തൻകോട് സ്വരാജ് ഭവനിൽ കമ്മീഷന് സ്വന്തമായി ഓഫീസ് അനുവദിച്ച സ്ഥിരമായ ഓഫീസ് സംവിധാനം ലഭിച്ചതിനുശേഷമാണ് പൂർണ്ണ തോതിലുള്ള പ്രവർത്തനം ആരംഭിക്കുവാൻ കമ്മീഷന് സാധിച്ചത്.

(ബി & സി) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം സർക്കാർ തീരുമാനമെടുക്കുന്നതാണ്.

* T അറ്റാച്ച് ചെയ്ത ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാന സർവ്വീസിലെ ജീവനക്കാർക്കും പെൻഷൻകാർക്കുമായി ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സാദ്ധ്യതാ പഠനം, പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിലെ പ്രധാന ഇനങ്ങളിൽ ഒന്നാണ്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ വിവിധ ഇൻഷ്വറൻസ് സ്ഥാപനങ്ങളുമായി ചർച്ച നടത്തിവരുന്നു. ജീവനക്കാർക്കും പെൻഷൻകാർക്കും സ്വീകാര്യമായ രീതിയിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സാക്ഷാത്കരിക്കാൻ ദീർഘ പഠനം ആവശ്യമാണ്. ഇക്കാര്യം കൂടി കണക്കിലെടുത്ത് പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി 1-7-2015-ലെ സ.ഉ.(കൈ)നം.263/2015/ധന പ്രകാരം 30-11-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

ധർമ്മടം നിയോജകമണ്ഡലത്തിലെ അസറ്റ് ഡെവലപ്മെന്റ് ഫണ്ട്

124 (3278) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്ന് 2014-15 സാമ്പത്തിക വർഷത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ധനകാര്യവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ധനകാര്യവകുപ്പ് അനുവാദം നൽകാൻ ബാക്കി ഉണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) ആസ്തി വികസന പദ്ധതിയിൻകീഴിൽ 2014-15 സാമ്പത്തിക വർഷത്തിൽ ധർമ്മടം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിനായി ധനകാര്യ വകുപ്പ് ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* നിലവിൽ പ്രവൃത്തികളൊന്നും ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല.

കർഷകരുടെ ക്ഷേമത്തിനായി വകയിരുത്തിയ തുക

125 (3279) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2012-13 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ കർഷകരുടെ ക്ഷേമത്തിനായി ഓരോ വർഷവും എത്ര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly